"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-മലപ്പുറം ജില്ലയിലെ വളവന്നൂർ ഗ്രാമപഞ്ചായത്തിലെ മുൻ അക്കൗണ്ടന്റും നിലവിൽ തൃശ്ശൂർ ജില്ലയിലെ പാണഞ്ചേരി ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റുമായ ശ്രീമതി.ഷൈലജ.പി.എ യ്ക്ക് കെ.എസ്.ആർ, ഭാഗം I, ചട്ടം 88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിൻ മേൽ ശൂന്യവേതനാവധി അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.395/2022/LSGD തീയതി,തിരുവനന്തപുരം, 22-02-2022

പരാമർശം:-
1. 14.06.1994ലെ 36/94/ധന നമ്പർ സർക്കുലർ.
2. സ.ഉ.(പി) നം. 112/2017/ധന നമ്പർ, തീയതി 24.08.2017.
3. ശ്രീമതി.ഷൈലജ.പി.എ യുടെ 19.11.2020ലെ ശൂന്യവേതനാവധിയപേക്ഷ.
4. പഞ്ചായത്ത് ഡയറക്ടറുടെ 18.03.2021, 14.11.2021 എന്നീ തീയതികളിലെ ഇ13-3526/21നമ്പർ കത്തുകൾ.

ഉത്തരവ്

മലപ്പുറം ജില്ലയിലെ വളവന്നൂർ ഗ്രാമപഞ്ചായത്തിലെ മുൻ അക്കൗണ്ടന്റും നിലവിൽ തൃശ്ശൂർ ജില്ലയിലെ പാണഞ്ചേരി ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റുമായ ശ്രീമതി.ഷൈലജ.പി.എ യ്ക്ക് 20.11.2019 മുതൽ 01.07.2020 വരെ ചികിത്സാർത്ഥം ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ശ്രീമതി.ഷൈലജ.പി.എ 07.12.2005 ൽ സേവനത്തിൽ പ്രവേശിച്ചു. ടിയാളുടെ ചികിത്സാർത്ഥം 20.11.2019 മുതൽ 01.07.2020 വരെ 225 ദിവസത്തേക്ക് Ulcerative Colitis in ANO എന്ന രോഗത്തിന് ശൂന്യവേതനാവധിയ്ക്കായാണ് അപേക്ഷിച്ചിരിക്കുന്നത്. ഉപോൽബലകമായ മെഡിക്കൽ സർട്ടിഫിക്കറ്റുകളും 01.07.2020 തീയതിയിലുള്ള മെഡിക്കൽ ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുണ്ട്. അവധിക്കാലയളവിന് ശേഷം 02.07.2020 ന് സേവനത്തിൽ പുനഃപ്രവേശിച്ചു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു മലപ്പുറം ജില്ലയിലെ വളവന്നൂർ

ഗ്രാമപഞ്ചായത്തിലെ മുൻ അക്കൗണ്ടന്റും നിലവിൽ തൃശ്ശൂർ ജില്ലയിലെ പാണഞ്ചേരി ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റുമായ ശ്രീമതി.ഷൈലജ.പി.എ യ്ക്ക് 20.11.2019 മുതൽ 01.07.2020 വരെ, ടി കാലയളവ് ആർജ്ജിതാവധിക്ക് പരിഗണിക്കുന്നതല്ല എന്ന വ്യവസ്ഥയിൽ, കെ.എസ്.ആർ ഭാഗം 1, ചട്ടം 88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിൻ മേൽ ശൂന്യവേതനാവധി, പരാമർശം (2) സർക്കാർ ഉത്തരവിൻ പ്രകാരം അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം(പഞ്ചായത്ത് ഡയറക്ടർ മുഖേന).

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ(പഞ്ചായത്ത് ഡയറക്ടർ മുഖേന).

സെക്രട്ടറി, നെല്ലായ ഗ്രാമപഞ്ചായത്ത്, മലപ്പുറം(പഞ്ചായത്ത് ഡയറക്ടർ മുഖേന)

സെക്രട്ടറി, പാണഞ്ചേരി ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ(പഞ്ചായത്ത് ഡയറക്ടർ മുഖേന)
ശ്രീമതി.ഷൈലജ.പി.എ, അക്കൗണ്ടന്റ്, പാണഞ്ചേരി ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ(പഞ്ചായത്ത് ഡയറക്ടർ മുഖേന)

ധന വകുപ്പ്(31.01.2021 ലെ ധെവ.5/76/2021/ധന നമ്പർ കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

ഓഫീസ് പകർപ്പ്/കരുതൽ ഫയൽ.(72/ഇപിഎ1/2021/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ